കേരളകൗമുദി
02
22 മാർച്ച് 2019 വെള്ളി
തിരുവനന്തപുരം

അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

വട്ടിയൂർക്കാവ് ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം വട്ടിയൂർക്കാവ് ശാഖ മാസംതോറും നടത്തിവരാറുള്ള വയോജന സൗജന്യ മെഡിക്കൽ ക്യാമ്പ് ഇന്ന് രാവിലെ 10ന് ശാഖാ മന്ദിര ഹാളിൽ നടക്കും. എല്ലാവരും പങ്കെടുക്കണമെന്ന് ശാഖാ കൺവീനർ കെ.ബാബുസെൻ അറിയിച്ചു.

വീട്ടുകരം സ്വീകരിക്കും

തിരുവനന്തപുരം: വഴുതക്കാട്,ശാസ്തമംഗലം വാർഡുകളിലെ (സി.എസ്.എം.നഗർ റസിഡന്റ്സ് അസോസിയേഷന്റെ പരിധിയിൽപ്പെട്ടവരുടെ) വീട്ടുകരം 24ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 മണിവരെ സി.എസ്.എം നഗർ അസോസിയേഷൻ ഹാളിൽ നഗരസഭാ അധികൃതർ സ്വീകരിക്കും.

തിരുവനന്തപുരം: ചാടിയറ റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 24ന് രാവിലെ 10മുതൽ പൂജപ്പുര നിവാസികളുടെ വീട്ടുകരം പൂജപ്പുര യുവജനസമാജം ഗ്രന്ഥശാലാഹാളിൽ വച്ച് നഗരസഭാ അധികൃതർ സ്വീകരിക്കുമെന്ന് റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

ഉറൂട്ടുപറമ്പ് ഉലകുടയ പെരുമാൾ തമ്പുരാൻ ക്ഷേത്രം

കുളത്തൂർ: അരശുംമൂട് ഉറൂട്ടുപറമ്പ് ഉലകുടയ പെരുമാൾ തമ്പുരാൻ ക്ഷേത്രത്തിലെ ഉത്രം മഹോത്സവം ഇന്ന് സമാപിക്കും. രാവിലെ 6ന് ഉരുൾ വഴിപാട്, 10ന് പൊങ്കാല, 12.30ന് സമൂഹ അന്നദാനം, 6.45ന് താലപ്പൊലി. രാത്രി 8ന് നാടകം.

ശ്രീ നള്ളത്തു ഭഗവതിക്ഷേത്രോത്സവം

തിരുവനന്തപുരം: പൂജപ്പുര ശ്രീ നള്ളത്തു ഭഗവതിക്ഷേത്രത്തിലെ തിരുവത്സവം 23 മുതൽ 25 വരെ നടത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു. 25ന് രാവിലെ 9.15ന് പൊങ്കാല. 11.30ന് പൊങ്കാല നിവേദിക്കും. 23ന് രാവിലെ അഞ്ച്മണിമുതൽ ക്ഷേത്രചടങ്ങുകൾ. 8ന് നിറപറ, 9ന് വിശേഷാൽ അഭിഷേകം, രാത്രി 7ന് ഓട്ടം തുള്ളൽ. 8.30ന് ഡാൻസ്. 24ന് രാവിലെ എട്ടിന് നിറപറ, 9ന് നാഗരൂട്ട്, ഉച്ചയ്ക്ക് 12.30ന് അന്നദാനം, രാത്രി 7.30ന് ഡാൻസ്. 25ന് വൈകിട്ട് 5.30ന് താലപ്പൊലി, 7ന് വാദ്യോപകരണ സംഗീതം, 9.30ന് അത്താഴപൂജ.

ഉദയഗിരി ദേവീ ക്ഷേത്രം

ശ്രീകാര്യം: ചെമ്പഴന്തി ഉദയഗിരി ദേവീ ക്ഷേത്രത്തിലെ പ്രതിഷ്ഠാ വാർഷികം 23 ന് ആരംഭിച്ച് 25 ന് സമാപിക്കും.23 ന് വൈകിട്ട് 5 ന് ഗണപതിപൂജ,വൈകിട്ട് 6.30 ന് രക്ഷോഗ്നഹോമം, വാസ്തുഹോമം, വാസ്തുബലി, വാസ്തുകലശാഭിഷേകം.24 ന് വൈകുന്നേരം 6 ന് ഐശ്വര്യപൂജ.രാത്രി 7 ന് പ്രസന്ന പൂജ. 25 ന് രാവിലെ 6 ന് നാഗരൂട്ട്. 9 ന് സമൂഹ പൊങ്കാല. 12 ന് സമൂഹസദ്യ. രാത്രി 7 ന് പ്രസന്ന പൂജ.

കുര്യാത്തി പേച്ചി അമ്മൻ ക്ഷേത്രം

തിരുവനന്തപുരം: കുര്യാത്തി പേച്ചി അമ്മൻ ക്ഷേത്രത്തിലെ അമ്മൻകൊട ഉത്സവം ഇന്നുമുതൽ 24 വരെ നടക്കും. ഇന്ന് രാവിലെ 11.30ന് നാഗരൂട്ട്, വൈകിട്ട് 6ന് വിൽപ്പാട്ട്, 6.45ന് നാദസ്വരമേളം, 6.55ന് പേച്ചി അമ്മന് കാപ്പുകെട്ടി കുടിയിരുത്ത്. നാളെ രാവിലെ 8.30ന് വിൽപ്പാട്ട്, വൈകിട്ട് 6.15ന് നാദസ്വരമേളം, 6.30ന് വലിയ പടുക്ക, 7ന് അമ്മൻ പുറത്ത് എഴുന്നെള്ളിപ്പ്, രാത്രി 10.50ന് താലപ്പൊലി എഴുന്നെള്ളത്ത്, 12ന് ഒടുക്ക് നിവേദ്യം. 24ന് രാവിലെ 8.30ന് വിൽപ്പാട്ട്, 10.45ന് പൊങ്കാല, 12.15ന് പൊങ്കാല നിവേദ്യം, വൈകിട്ട് 6.45ന് മംഗള ദീപാരാധന, 7.45ന് മംഗള ഗുരുസി.

സംഗീത കലാ മത്സരങ്ങൾ

തിരുവനന്തപുരം: സ്വാതിതിരുനാൾ സംഗീതസഭയുടെ ആഭിമുഖ്യത്തിൽ 206-ാമത് സ്വാതിതിരുനാൾ ജയന്തിയോടനുബന്ധിച്ച് ഏപ്രിൽ 14 മുതൽ 19 വരെ കർണാടകസംഗീതം വായ്പ്പാട്ട്, വയലിൻ, വീണ, പുല്ലാങ്കുഴൽ, മൃദംഗം, തബല, ഭജൻ, ലളിതഗാനം, നാടകഗാനം, സംഘഗാനം, ദേശഭക്തിഗാനം, പദ്യപാരായണം, സംഗീതക്കച്ചേരി, പ്രശ്നോത്തരി എന്നിവയിൽ എൽ.പി, യു.പി, ഹൈസ്കൂൾ, കോളേജ്, ജനറൽ വിഭാഗങ്ങളിലായി മത്സരം നടത്തുന്നു. അപേക്ഷാഫാറത്തിനും കൂടുതൽ വിവരങ്ങൾക്കും കാർത്തികതിരുനാൾ തിയേറ്ററിലെ ഓഫീസിൽ ബന്ധപ്പെടണം. ഫോൺ: 0471 - 2471335, 9447470842. പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ ഏപ്രിൽ 8ന് രാത്രി 7.30 വരെ കാർത്തിക തിരുനാൾ തിയേറ്ററിലെ സംഗീതസഭാ ഓഫീസിൽ സ്വീകരിക്കുമെന്ന് സെക്രട്ടറി കെ.എൻ. ശ്രീകുമാർ അറിയിച്ചു.

ഏകദിന പരിശീലന പരമ്പര

ശ്രീകാര്യം: ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ നടത്തുന്ന 'ജി.എസ്.ടി ആന്വൽ റിട്ടേൺ പ്രിപ്പറേഷൻ ആൻഡ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്' എന്ന വിഷയത്തെക്കുറിച്ചുള്ള ഏകദിന പരിശീലന പരമ്പരയുടെ ആദ്യത്തെ പരിശീലനം 23ന് രാവിലെ 9.30 ന് ശ്രീകാര്യം ചാവടിമുക്ക് ഗിഫ്റ്റ് കാമ്പസിൽ നടത്തും. താത്പര്യമുള്ളവർ www.gift.res.in എന്ന വെബ്സൈറ്റിലൂടെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഫോൺ : 0471 2596960, 2595960.

വെട്ടുകാട് സെന്റ് മേരീസ് എൽ.പി.എസിൽ നിന്ന് വിരമിക്കുന്ന ഹെഡ്മിസ്ട്രസ് പ്രഷീല ജോസഫിന് പി.ടി.എ പ്രസിഡന്റ് കെ.വി. അനിൽകുമാർ ഉപഹാരം നൽകി ആദരിക്കുന്നു. പ്രിയ, റിജ്ജ സുദിൻ, ഷൈനി, ജി. വിജ്ജ, വിനിത, ഹസീന തുടങ്ങിയവർ സമീപം

വേളി ദുർഗാ ഭഗവതി ക്ഷേത്രത്തിൽ പൂയം ഉത്സവത്തോടനുബന്ധിച്ച് നടന്ന പൊങ്കാല

മോഷണം പതിവാക്കിയ വീട്ടുജോലിക്കാരികൾ അറസ്റ്റിൽ

തിരുവനന്തപുരം: ജോലിക്ക് നിൽക്കുന്ന വീട്ടിൽ മോഷണം പതിവാക്കിയ രണ്ട് സ്ത്രീകളെ അറസ്റ്റുചെയ്തു.

വള്ളക്കടവ് സ്വദേശിയായ നവാസിന്റെ വീട്ടിലെ ജോലിക്കാരായ പേട്ട കല്ലുംമൂട് സ്വദേശി ഷൈല, വള്ളക്കടവ് ആശാൻ നഗറിൽ സുജ എന്നിവരാണ് വലിയതുറ പൊലീസിന്റെ പിടിയിലായത്.

ഉടമസ്ഥന്റെ പരാതിയെ തുടർന്ന് പൊലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതികളെ കണ്ടെത്തിയത്. ഇരുവരും വർഷങ്ങളായി ഈ വീട്ടിൽ ജോലി ചെയ്യുകയാണ്. ബിസിനസുകാരനായ നവാസ് കുടുംബത്തോടൊപ്പം കഴിഞ്ഞവർഷം അവസാനം വിദേശത്ത് പോയപ്പോൾ ഇവർ അലമാരയിലുണ്ടായിരുന്ന സ്വർണം, ഡയമണ്ട് ആഭരണങ്ങൾ എന്നിവ കവർന്ന് ചാലയിലെ വിവിധ കടകളിൽ വിറ്റതായി പൊലീസ് അറിയിച്ചു.

ഇത്തരത്തിൽപലതവണമോഷണം നടത്തിയെന്നും കണ്ടെത്തി. മോഷണ സാധനങ്ങളിൽ ചിലത് കണ്ടെത്തിയെങ്കിലും ബാക്കിയുള്ളവ കണ്ടെത്താനുള്ള അന്വേഷണം പുരോഗമിക്കുകയാണ്.

കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു. ശംഖുംമുഖം അസിസ്റ്റന്റ് കമ്മിഷണർ ആർ. ഇളങ്കോയുടെ നേതൃത്വത്തിൽ ഇൻസ്പെക്ടർ എ.കെ. ഷെറി, എസ്.ഐമാരായ ശ്യാംരാജ് ജെ.നായർ, അശോകൻ നായർ, എ.എസ്.ഐമാരായ മനോഹരൻ, സി.പി.ഒമാരായ ബിനു.എസ്, ജിത്ത്കുമാർ, സാബു, ശാലിനി എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ അറസ്റ്റുചെയ്തത്.

വഴുതക്കാട് റോസ്കോർട്ട് ഭവനത്തിൽ സി.വി. രാമൻപിള്ള നാഷണൽ ഫൗണ്ടേഷൻ സംഘടിപ്പിച്ച സി.വി. രാമൻപിള്ളയുടെ ചരമവാർഷികാചരണം അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. പി. വേണുഗോപാലൻ, ജോർജ് ഓണക്കൂർ, ടി.എൻ. സീമ എന്നിവർ സമീപം

സി.ഡി.സിയിൽ അന്താരാഷ്ട്ര ഡൗൺ സിൻഡ്രോം ദിനാചരണവും സെമിനാറും

തിരുവനന്തപുരം: തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ അന്താരാഷ്ട്ര ഡൗൺ സിൻഡ്രോം ദിനാചരണവും സെമിനാറും സംഘടിപ്പിച്ചു. ഉദ്ഘാടനം സിനിമാതാരം മേനക സുരേഷ് നിർവഹിച്ചു.

ലയോള കോളേജിലെ കൗൺസലിംഗ് സൈക്കോളജിസ്റ്റായി വിരമിച്ച സുഷാ ജനാർദ്ദനൻ പ്രഭാഷണം നടത്തി.ഉച്ചയ്ക്കുശേഷം നടന്ന സെമിനാറിൽ എസ്.എ.ടി ആശുപത്രിയിലെ അഡിഷണൽ പ്രൊഫസറും സി.ഡി.സിയിലെ കൺസൾട്ടന്റ് ജനറ്റിസ്റ്റുമായ ഡോ. വി.എച്ച്. ശങ്കർ സംസാരിച്ചു.

ഡൗൺ സിൻഡ്രോം രോഗനിർണയവും ചികിത്സയും എന്ന വിഷയത്തിൽ ക്ലാസെടുത്തു. എസ്.എ.ടി ആശുപത്രി സൂപ്രണ്ട് ഡോ. സന്തോഷ് കുമാർ, സി.ഡി.സിയിലെ ഡയറക്ടർ ഡോ. ബാബു ജോർജ് എന്നിവർ സംസാരിച്ചു.

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ കുടുംബശുശ്രൂഷ ഓഫീസ് ഉദ്ഘാടനം അതിരൂപത മെത്രാപ്പൊലീത്ത ഡോ. സൂസപാക്യം നിർവഹിക്കുന്നു. സഹായമെത്രാൻ ഡോ. ക്രിസ്തുദാസ്, സാഹിത്യകാരൻ ഡോ. ജോർജ് ഓണക്കൂർ, ഫാദർ ഡൈസൺ തുടങ്ങിയവർ സമീപം

കുടുംബ ശുശ്രൂഷ ഓഫീസ് ഉദ്ഘാടനം

തിരുവനന്തപുരം : ലത്തീൻ അതിരൂപതയുടെ കീഴിൽ വെള്ളയമ്പലത്ത് നിർമ്മിച്ച കുടുംബ ശുശ്രൂഷ ഓഫീസ് ഉദ്ഘാടനവും മൂന്നാം ഘട്ട കരുണാമയൻ പെൻഷൻ വിതരണവും കൗൺസലിംഗ് കോഴ്സ് സർട്ടിഫിക്കറ്റ് വിതരണവും നടന്നു.

അതിരൂപത മെത്രാപ്പൊലീത്ത ഡോ. എം. സൂസപാക്യം മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഡോ .ജോർജ് ഓണക്കൂർ യോഗം ഉദ്ഘാടനം ചെയ്തു. സഹായമെത്രാൻ ഡോ . ആർ.ക്രിസ്തുദാസ് കൗൺസലിംഗ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. റവ. ഡോ. എ.ആർ. ജോൺ, അജി, ജോസ്, കിരൺ, സ്റ്റീഫൻ എന്നിവർ പങ്കെടുത്തു.

ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ അന്താരാഷ്ട്ര ഡൗൺ സിൻഡ്രോം ദിനാചരണവും സെമിനാറും സിനിമാതാരം മേനക സുരേഷ് ഉദ്ഘാടനം ചെയ്യുന്നു

മഹാഭാരതത്തെ ആധാരമാക്കി എം.എൻ.വിനയകുമാർ രചിച്ച് അഭിമന്യു വിനയകുമാർ സംവിധാനം ചെയ്ത 'കുറത്തി' എന്ന നാടകം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് അവതരിപ്പിച്ചപ്പോൾ

എസ്.എൻ.ഡി.പി യോഗം കരിയിൽ ശാഖയിൽ നടന്ന ചടങ്ങിൽ ബി.ടെക് ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ എൻജിനിയറിംഗിൽ ഡിസ്റ്റിംഗ്ഷനോടുകൂടി പാസായ ശാഖാ കുടുംബാംഗമായ അപർണ ബി. പ്രസാദിന് ചെമ്പഴന്തി ഗുരുകുലം യൂണിയൻ പ്രസിഡന്റ് മഞ്ഞമല സുബാഷ് വിദ്യാജ്യോതി പുരസ്കാരം നൽകുന്നു. യൂണിയൻ സെക്രട്ടറി ഇടവക്കോട് രാജേഷ്, വൈസ് പ്രസിഡന്റ് പോത്തൻകോട് എൻ. സുധീന്ദ്രൻ, യോഗം ഡയറക്ടർമാരായ ചെമ്പഴന്തി ജി. ശശി, വി. മധുസൂദനൻ, ശാഖാസെക്രട്ടറി കരിയിൽ എസ്.ആർ. ശിവപ്രസാദ്, പ്രസിഡന്റ് എൻ. വിശ്വംഭരൻ, യൂണിയൻ കൗൺസിലർ എ. ബിജു, എക്സി. അംഗം ബി. ഗോപിനാഥൻ, കരാട്ടെ ഇൻസ്ട്രക്ടർ വർഷ എന്നിവർ സമീപം

ഓഫീസ് തുറന്ന് തരൂർ, കാമ്പസ് ഇളക്കിമറിച്ച് ദിവാകരൻ

തിരുവനന്തപുരം: ശാസ്തമംഗലത്ത് തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് തുറന്ന യു.ഡി.എഫ് സ്ഥാനാർത്ഥി ഡോ. ശശി തരൂർ നിയോജകമണ്ഡലം കൺവെൻഷനുകൾ പൂർത്തിയാക്കുന്ന തിരക്കിലായിരുന്നു ഇന്നലെ. പാറശാലയിലും നെയ്യാറ്റിൻകരയിലും മണ്ഡലം കൺവെൻഷനുകൾ പൂർത്തിയാക്കി.

25 ഓടെ നിയോജകമണ്ഡലം കൺവെൻഷനുകൾ പൂർത്തിയാക്കാനാണ് ലക്ഷ്യം. ഈ മാസം തീരുന്നതിന് മുമ്പ് ബൂത്ത് കൺവെൻഷനുകൾ കൂടി നടത്തി സജീവ പ്രചാരണത്തിലേക്ക് ഇറങ്ങും. അതിന് മുമ്പ് പോസ്റ്ററുകളും ലഘുലേഖകളും തയ്യാറായി എത്തും.

ഇടതുമുന്നണി സ്ഥാനാർത്ഥി സി. ദിവാകരൻ കാമ്പസുകളെ കൈയിലെടുക്കാനുള്ള ശ്രമത്തിലായിരുന്നു ഇന്നലെയും. ചെമ്പഴന്തി എസ്.എൻ കോളേജിലും സെന്റ് ആൻസ് കോളേജിലും വൻസ്വീകരണമാണ് ദിവാകരന് കിട്ടിയത്. ബി.ജെ.പി സ്ഥാനാർത്ഥി കുമ്മനം രാജശേഖരൻ ഇന്നലെ മണ്ഡലത്തിലില്ലായിരുന്നു. പാർട്ടിയുടെ ഉന്നതതല യോഗവുമായി ബന്ധപ്പെട്ട് അദ്ദേഹം കൊച്ചിയിലായിരുന്നു.

ശാസ്തമംഗലത്ത് കഴിഞ്ഞ രണ്ട് തിരഞ്ഞെടുപ്പുകളിലും പ്രചാരണസമിതി ഓഫീസ് പ്രവർത്തിച്ച അതേ കെട്ടിടത്തിലാണ് ഇന്നലെയും ശശി തരൂർ കേന്ദ്ര ഓഫീസ് ഒരുക്കിയത്. ഇത് ഭാഗ്യ ഓഫീസാണെന്നാണ് അദ്ദേഹത്തിന്റെ അനുയായികളുടെ വിശ്വാസം. കെ.പി.സി.സി മുൻ പ്രസിഡന്റ് തെന്നല ബാലകൃഷ്ണപിള്ളയാണ് ഓഫീസ് ഉദ്ഘാടനം ചെയ്തത്.

തിരുവനന്തപുരം പാർലമെന്റ് തിരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ തമ്പാനൂർ രവി അദ്ധ്യക്ഷത വഹിച്ചു. ജനറൽ കൺവീനർ എൻ. ശക്തൻ സ്വാഗതം പറഞ്ഞു. എം.എൽ.എമാരായ വി.എസ്. ശിവകുമാർ, എം. വിൻസെന്റ്, കെ.പി.സി.സി ജനറൽ സെക്രട്ടറി ശരത്ചന്ദ്ര പ്രസാദ്, ഡി.സി.സി പ്രസിഡന്റ് നെയ്യാറ്റിൻകര സനൽ, യു.ഡി.എഫ് ജില്ലാ ചെയർമാൻ സോളമൻ അലക്സ്, പാലോട് രവി, കരകുളം കൃഷ്ണപിള്ള, ആർ. വത്സലൻ, മണക്കാട് സുരേഷ്, വിജയൻതോമസ്, പി.കെ. വേണുഗോപാൽ, ബീമാപള്ളി റഷീദ്, സി.പി. ജോൺ, കൊട്ടാരക്കര പൊന്നച്ചൻ, എം.പി. സാജു, ജോർജ് മെഴ്സിയർ, ശാസ്തമംഗലം മോഹനൻ, പി.എസ്. പ്രശാന്ത്, ചാണ്ടി ഉമ്മൻ തുടങ്ങിയവർ പങ്കെടുത്തു.

ഇന്നലെ നഗരത്തിലെ ഏതാനും വിവാഹച്ചടങ്ങുകളിലും രണ്ട് മരണച്ചടങ്ങുകളിലും അദ്ദേഹം പങ്കെടുത്തു. പിന്നീട് നഗരത്തിലെ ചില അഭ്യുദയകാംക്ഷികളെയും കണ്ടതിന് ശേഷമാണ് അദ്ദേഹം നിയോജകമണ്ഡലം കൺവെൻഷനായി വെള്ളറടയിലെത്തിയത്. തുടർന്ന് നെയ്യാറ്റിൻകര എസ്.എൻ കോളേജിൽ നടന്ന മണ്ഡലം കൺവെൻഷനിലും പങ്കെടുത്തു. രാത്രിയോടെ വിലങ്ങാമുറി രാജരാജേശ്വരി ആശ്രമത്തിലെ യാഗത്തിലും അദ്ദേഹം പങ്കെടുത്തു.

സി.ദിവാകരൻ രാവിലെ ചെമ്പഴന്തി എസ്.എൻ കോളേജിലാണ് പര്യടനം തുടങ്ങിയത്. ശ്രീകാര്യം എൻജിനിയറിംഗ് കോളേജ്, ചാക്ക ഗവ. ഐ.ടി.ഐ എന്നിവിടങ്ങളിലെ സന്ദർശനത്തിന് ശേഷമാണ് ഉച്ചയ്ക്ക് 12.40ഓടെ ആൾസെയിന്റ്സ് കോളേജിലെത്തിയത്.

ജീസസ് യൂത്തിന്റെ പ്രോഗ്രാം നടക്കുന്ന സമയത്തായിരുന്നു സി. ദിവാകരൻ കോളേജിൽ എത്തിയത്.

ആൾസെയിന്റ്സ് കോളേജിലെത്തിയ തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ എൽ.ഡി.എഫ് സ്ഥാനാർത്ഥി സി. ദിവാകരൻ വിദ്യാർത്ഥികളോട് വോട്ട് അഭ്യർത്ഥിക്കുന്നു ഫോട്ടോ: ബി.സുമേഷ്

തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർത്ഥി ശശി തരൂരിന്റെ ശാസ്തമംഗലത്തെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് മുതിർന്ന കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്യുന്നു. ശശി തരൂർ, വി.എസ്. ശിവകുമാർ എം.എൽ.എ, ശാസ്തമംഗലം മോഹനൻ, പാലോട് രവി, എൻ. ശക്തൻ, സോളമൻ അലക്സ്, വത്സലൻ, തമ്പാനൂർ രവി, മണക്കാട് സുരേഷ് എന്നിവർ സമീപം

പോരിന് മുമ്പൊരു പോസ്റ്റർ പോര് കുമ്മനവും തരൂരും തമ്മിൽ

▶ പി.എച്ച്.സനൽകുമാർ

തിരുവനന്തപുരം: തിരുവനന്തപുരം മണ്ഡലത്തിൽ ബി.ജെ.പി സ്ഥാനാർത്ഥി കുമ്മനം രാജശേഖരനും കോൺഗ്രസ് സ്ഥാനാർത്ഥി ശശി തരൂരും തമ്മിലൊരു പോസ്റ്റർ പോര്. രണ്ടുപേരും പരസ്പരം പഴിചാരി തിരഞ്ഞെടുപ്പ് കമ്മിഷനും വരണാധികാരി കൂടിയായ കളക്ടർക്കും പരാതിയും നൽകി.

പദ്മനാഭസ്വാമിക്ഷേത്രത്തിന്റെ ചിത്രം ഉപയോഗിച്ച് കുമ്മനം ഫ്ലക്സും ബോർഡും അടിച്ചെന്ന് ശശി തരൂർ. ഗണേശഭഗവാന്റെ ചിത്രം വച്ച് തരൂർ പോസ്റ്ററടിച്ചെന്ന് കുമ്മനം. ഇത്തരത്തിലാണ് പരാതിയുടെ പോക്ക്.

മിസോറം ഗവർണർ സ്ഥാനം ഉപേക്ഷിച്ച് തിരുവനന്തപുരത്ത് സ്ഥാനാർത്ഥിയാകാനെത്തിയതാണ് കുമ്മനം. ശബരിമല ആചാരസംരക്ഷണ സമരത്തിന്റെ വീരനായകൻ എന്നാണ് പ്രവർത്തകർ കുമ്മനത്തിന് ചാർത്തിക്കൊടുത്ത പരിവേഷം. ആ കുമ്മനത്തിന് വൻവരവേല്പ് നൽകി തയ്യാറാക്കിയ ഫ്ലക്സിലും ബോർഡുകളിലും പദ്മനാഭസ്വാമിക്ഷേത്രത്തിന്റെ പശ്ചാത്തലത്തിൽ കുമ്മനം കൈവീശി നിൽക്കുന്നതാണുള്ളത്. ഇതിലൊരു വർഗീയ ചുവയില്ലേയെന്നാണ് തരൂരിന്റെ സംശയം. എന്നാൽ പദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ ചിത്രംവച്ചത് താനറിഞ്ഞില്ലെന്നും തിരുവനന്തപുരത്തിന്റെ സിംബലായാണ് അത് വച്ചതെന്നാണ് മനസിലാക്കുന്നതെന്നുമാണ് കുമ്മനത്തിന്റെ വിശദീകരണം.

കുമ്മനം എതിരാളിയാകുന്നതോടെ തിരുവനന്തപുരത്ത് പോരാട്ടവിഷയം ശബരിമലയായിരിക്കുമെന്നാണ് തരൂരിന്റെ അനുയായികളുടെ വിചാരം. ഇത് കണക്കിലെടുത്ത് അവർ തരൂരിന്റെ പുസ്തകത്തിന്റെ കവർപേജെടുത്ത് പോസ്റ്ററാക്കി. കഴിഞ്ഞവർഷം തരൂർ പ്രസിദ്ധീകരിച്ച ഞാനെന്തുകൊണ്ട് ഒരു ഹിന്ദുവായി എന്ന പുസ്തകത്തിന്റെ കവറാണ് പോസ്റ്ററാക്കിയത്. അതിൽ തരൂരിനൊപ്പം ഒരു ഗണപതിഭഗവാന്റെ ചിത്രവുമുണ്ട്. ഇത് മതപരമായി വോട്ടർമാരെ സ്വാധീനിക്കാനാണെന്നാണ് കുമ്മനത്തിന്റെ പരാതി. എന്നാൽ 'വൈ അയാം എ ഹിന്ദു' എന്ന പുസ്തകം എന്റെ സ്വകാര്യ സ്വത്താണ്. ഞാനൊരു എഴുത്തുകാരനാണെന്ന കാര്യം പ്രചരിപ്പിക്കാൻ വേണ്ടി തിരുവനന്തപുരം ഡി.സി.സി ഇറക്കിയ പോസ്റ്ററാണത്. അതിന്റെ പേരിലാണ് ബി.ജെ.പി പരാതി നൽകിയിരിക്കുന്നത്. ആ പുസ്തകം പൊതുസ്വത്തല്ല, തരൂരിന്റെ ഈ വിശദീകരണം ബി.ജെ.പിയും കുമ്മനവുംമുഖവിലയ്ക്കെടുത്തിട്ടില്ല.

മതചിഹ്നങ്ങൾ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കരുതെന്ന് സംസ്ഥാന മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാംമീണ പറഞ്ഞിട്ടുണ്ട്. ഗണപതിഭഗവാന്റെ ചിത്രം മതചിഹ്നമാണ്. അതുകൊണ്ട് തന്നെ അത് ചട്ടലംഘനവുമാണ്. ബി.ജെ.പിയുടെ പരാതി പരിശോധിക്കുമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ വ്യക്തമാക്കിയതോടെ തരൂർ വെട്ടിലായി.

പ്രശ്നത്തിൽ ഇടപെട്ടില്ലെങ്കിലും ഇടതു സ്ഥാനാർത്ഥി സി. ദിവാകരനും വെറുതേയിരിക്കുന്നില്ല. ശബരിമലകർമ്മസമിതിയുടെ പേരിൽ മണ്ഡലത്തിൽ പ്രചരിക്കുന്ന ലഘുലേഖ വർഗീയപ്രചാരണമാണെന്നും അത് കുമ്മനത്തിന് വേണ്ടിയാണെന്നും കാണിച്ച് സി. ദിവാകരനും തിരഞ്ഞെടുപ്പ് കമ്മിഷന് പരാതി നൽകി.

യു.ഡി.എഫ് സ്ഥാനാർത്ഥി ഡോ. ശശി തരൂർ ചെമ്പഴന്തി ഗുരുകുലത്തിൽ പ്രാർത്ഥന നടത്തുന്നു. ഗുരുകുലം സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ, അണിയൂർ പ്രസന്നകുമാർ തുടങ്ങിയവർ സമീപം